# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3362 — 29/1/2014 ൽ മറുപടിയ്ക്ക്

## റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റ്റി . യു . കുരുവിള<br>,, സി. എഫ്. തോമസ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) റബ്ബർ വിലയിടിവ് തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) റബ്ബറിന്റെ വില കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയവുമായി ബന്ധപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ കേന്ദ്രസർക്കാരിൽ സംസ്ഥാനസർക്കാർ നിരന്തരമായി സമ്മർദ്ദം ചെലുത്തി വരുന്നു. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുക, സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക, ഇറക്കുമതി നിയന്ത്രിത തുറമുഖങ്ങൾ വഴി മാത്രം നടപ്പിലാക്കുക തുടങ്ങിയവയാണ് പ്രധാനമായും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. |
| (ബി) റബ്ബർ സംഭരണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; | (ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനും തീരുവ ഉയർത്തുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (സി) റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കുന്നതിനും സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിൽ സമ്മർദ്ദം |

| | | | |
|---|---|---|---|
| | | | ചെലുത്തുകയും നിവേദനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പഠിയ്ക്കാൻ ഒരു കമ്മീഷനെ നിയമിക്കാമോ ? | (ഡി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ